DESPATCHED
On. 23/12/21..

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP No. 228(2)/2021/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 4657/SIC-G6/2021)

## സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. അബ്ദുള്ള അബ്ദുൾ ലത്തീഫ്.
നൂർമഹൽ,
ഷദുലി മസ്ജിദിന് സമീപം,
പുതിയങ്ങാടി, മാടായി (പി.ഒ),
കണ്ണൂർ - 670 304.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഇൻഫർമേഷൻ കേരള മിഷൻ,
സ്വരാജ് ഭവൻ ഗ്രൗണ്ട് ഫ്ളോർ,
നന്ദൻകോട്, കവടിയാർ(പി.ഒ),
തിരുവനന്തപുരം - 695 003.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 18/02/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03/04/2021 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 03/04/2021 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 05/04/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18/06/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 01/07/2021 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 06/11/2021 - ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായില്ല |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. അബ്ദുള്ള അബ്ദുൾ ലത്തീഫ്, 03/04/2021 തീയതി സമർപ്പിച്ച പരാതി ഹർജി 05/04/2021-ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No.228(2)/2021/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി തെറ്റായ മറുപടിയാണ് ലഭ്യമാക്കിയത് എന്ന ആക്ഷേപമാണ്.

3. ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ 18.02.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെപറയുന്ന വിവരങ്ങളാണ്:

1. 01/04/1970 മുമ്പുള്ള ജനന മരണങ്ങൾക്കുള്ള സാക്ഷ്യപത്രം https://cr.lsgkerala.gov.in/, https://erp.lsgkerala.gov.in എന്നീ വെബ് സൈറ്റുകൾ വഴി കണ്ണൂർ ജില്ലയിലുള്ള ഏതൊക്കെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും, മുനിസിപ്പാലിറ്റികളിൽ നിന്നും കോർപ്പറേഷനുകളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ടെന്നും ഇവയുടെ പേരും എണ്ണവും നൽകണമെന്നും
2. https://erp.lsgkerala.gov.in എന്ന വെബ്സൈറ്റ് വഴിയുള്ള സേവനം നിലവിൽ കണ്ണൂർ ജില്ലയിലെ ഏതൊക്കെ സ്ഥാപനത്തിൽ നടപ്പിലാക്കിയിട്ടുണ്ടെന്നും 2021 പൂർത്തിയാകുന്നതോടെ ഇനി ഏതൊക്കെ സ്ഥാപനത്തിലാണ് ഇത് നടപ്പിലാക്കാൻ പദ്ധതിയുള്ളതെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 03/04/2021-ന് ഇൻഫർമേഷൻ കേരള മിഷൻ മറുപടിയും നൽകിയിട്ടുണ്ട്.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 01/07/2021-ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനന, മരണ, വിവാഹ രജിസ്ട്രേഷനുകൾ ഓൺലൈനായി നടപ്പിലാക്കുന്നതിനായുള്ള സേവന സിവിൽ രജിസ്ട്രേഷൻ എന്ന സോഫ്റ്റ്വെയർ വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ളത് ഇൻഫർമേഷൻ കേരള മിഷൻ ആണെന്നും അപേക്ഷകന്റെ ചോദ്യത്തിനുള്ള മറുപടിയിൽ സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ്വെയറിന്റെ ഡാറ്റാ ബെയ്സിൽ നിന്നും എടുത്തിട്ടുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചാണ് അപേക്ഷകന് 03.04.2021-ൽ മറുപടി നൽകിയിട്ടുള്ളതെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർ കക്ഷിയെ കേട്ടതിലും എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരൻ ആവശ്യപ്പെട്ട ലഭ്യമായ വിവരം ടിയാന് നൽകിയിട്ടുള്ളതാണെന്ന് കമ്മീഷന് ബോധ്യമാകുന്ന സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 ഡിസംബർ 04-ാം** തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV